"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

കേരള പഞ്ചായത്ത് രാജ് ആക്ട് 1994 - എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15, 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ റദ്ദു ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ആർബി) വകുപ്പ്

സ.ഉ.(സാധാ) നം.687/2026/LSGD തീയതി, തിരുവനന്തപുരം, 11-03-2026

---

പരാമർശം:-

1. പാമ്പക്കുട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15 നമ്പർ തീരുമാനങ്ങൾ
2. പാമ്പക്കുട ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ
3. പാമ്പാക്കുട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 18/01/2025-ലെ എസ് സി2-3276/2024 നമ്പർ കത്ത്.
4. 08/04/2025-ലെ സ.ഉ.(സാധാ) നം.927/2025/LSGD
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായുള്ള ബഹു. ട്രൈബ്യൂണലിന്റെ റഫറൻസ് നം.08/25-ലെ 20/01/2026-ലെ റിപ്പോർട്ട്

<u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ പാമ്പാക്കുട ഗ്രാമപഞ്ചായത്ത് 4-ാം വാർഡിൽ പ്ലൈവുഡ് നിർമ്മാണ കമ്പനികൾ ആരംഭിക്കുന്നതിനായി കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233 പ്രകാരം അനുമതി നൽകുന്നതിന് ലഭിച്ച മൂന്ന് അപേക്ഷകൾ പഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13 (അജാസ് എം.എസ്, മുണ്ടയ്ക്കൽ, തോട്ടപാടാൻ ജംഗ്ഷൻ, പെരുമ്പാവൂർ നൽകിയ അപേക്ഷ), 14 (ഷിഹാബ് എൻ.എ. നരീക്കമറ്റം, അശമന്നൂർ, അബ്ബാസ് എം.എം, മൂത്തേടം, അല്ലപ്ര, മുഹമ്മദ് ഫാഹിം എം.എ. മൂത്തേടം അല്ലപ്ര എന്നിവരുടെ അപേക്ഷ), 15(നിസാമുദ്ദീൻ, അയിരാട്ടിൽ, രണ്ടാർ നൽകിയ അപേക്ഷ) എന്നീ നമ്പർ തീരുമാനങ്ങൾ പ്രകാരം നിരസിച്ചിരുന്നു.

2) Group 2 Industrial Building-ന്റെ നിർമ്മാണം 2019-ലെ കേരള പഞ്ചായത്ത് കെട്ടിടനിർമ്മാണ ചട്ടങ്ങൾ പ്രകാരമാണെന്നും പെർമിറ്റ് അനുവദിക്കാമെന്നുമുള്ള എൽഎസ്ജിഡി അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടും സംസ്ഥാന മലിനീകരണ നിയന്ത്രണ

ബോർഡിന്റെ കൺസെന്റ് ടു എസ്റ്റാബ്ലിഷ്, സംസ്ഥാന വ്യവസായ വകുപ്പിന്റെ അക്നോളഡ്ജ്മെന്റ് സാക്ഷ്യപത്രം, ഫയർ & റസ്ക്യൂ സർവ്വീസസ് വകുപ്പിന്റെ എൻഒസി മറ്റ് അവശ്യരേഖകൾ എന്നിവയും അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്യുവെങ്കിലും ഇത്തരം കമ്പനികൾ മൂലമുണ്ടാകുന്ന മലിനീകരണ പ്രശ്നങ്ങൾ ജനങ്ങളുടെ ആരോഗ്യത്തെ ബാധിക്കുന്നതായതിനാൽ അപേക്ഷകൾ നിരസിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയാണുണ്ടായത്.

3) പ്രസ്തുത തീരുമാനങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം നൽകിയിട്ടുള്ള അധികാരസീമ ലംഘിക്കുന്നതും ആക്ടിലെ വ്യവസ്ഥകൾക്കും സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്കും വിരുദ്ധവുമായതിനാൽ അവ പുനഃപരിശോധിക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 16.01.2025-ൽ നടന്ന പഞ്ചായത്ത് ഭരണസമിതിയുടെ സാധാരണയോഗത്തിൽ ഇക്കാര്യം പരിശോധിക്കുകയും മുൻ തീരുമാനങ്ങളിൽ ഉറച്ച് നിൽക്കുന്നതിന് 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ പ്രകാരം ഭരണസമിതി തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ടി തീരുമാനങ്ങൾ 1995-ലെ കേരള പഞ്ചായത്ത് രാജ് (യോഗനടപടിക്രമം) ചട്ടങ്ങളുടെ ചട്ടം 29(3), (4) എന്നിവ പ്രകാരം പഞ്ചായത്ത് സെക്രട്ടറി സർക്കാരിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പരാമർശം (4) പ്രകാരം പാമ്പാക്കുട ഗ്രാമപഞ്ചായത്ത് സമിതിയുടെ 10.01.2025-ലെ 13, 14, 15, 16.01.2025-ലെ 1, 2, 3 നമ്പർ തീരുമാനങ്ങൾ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ സെക്ഷൻ 191(4) പ്രകാരം സ്റ്റേ ചെയ്യുകയും സെക്ഷൻ 191(2) പ്രകാരം പ്രസ്തുത തീരുമാനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടിയുള്ള ബഹു. ട്രൈബ്യൂണലിന് റഫർ ചെയ്യുകയും ചെയ്തിരുന്നു. പ്രസ്തുത റഫറൻസിൽ പരാമർശം (5) പ്രകാരം ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

5) 2018-ലെ 14-ാം നമ്പർ ആക്ട് പ്രകാരം (20/10/2017 മുതൽ പ്രാബല്യമുള്ളത്), കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 233-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് പെർമിറ്റുകൾ അനുവദിക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തിനാണെന്നും **ടോമി തോമസ് v. സ്റ്റേറ്റ് ഓഫ് കേരള [2019 (3) KLT 987]** എന്ന കേസിലെ ബഹു. ഹൈക്കോടതിയുടെ ഫുൾ ബെഞ്ച് വിധി പ്രകാരം, ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നുള്ള എല്ലാ സർട്ടിഫിക്കറ്റുകളും അപേക്ഷയോടൊപ്പം ഹാജരാക്കിയിട്ടുണ്ടെങ്കിൽ, പ്രാദേശിക എതിർപ്പുകളുടെ മാത്രം അടിസ്ഥാനത്തിൽ യന്ത്രസാമഗ്രികൾ സ്ഥാപിക്കുന്നതിനോ വ്യവസായങ്ങൾ തുടങ്ങുന്നതിനോ ഉള്ള അനുമതി നിഷേധിക്കാൻ പഞ്ചായത്തിന് അധികാരമില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും സംസ്ഥാനത്ത് വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള പഞ്ചായത്ത് രാജ് ആക്ടിലെ സെക്ഷൻ 233 ഭേദഗതി ചെയ്തത്. നിയമത്തിലെ സെക്ഷൻ 233(3) പ്രകാരം, നിബന്ധനകളോടെയോ അല്ലാതെയോ അപേക്ഷകൾ അനുവദിക്കാൻ പഞ്ചായത്ത് കമ്മിറ്റി ബാധ്യസ്ഥമാണെന്നും മേൽ സാഹചര്യത്തിൽ വ്യവസായ യൂണിറ്റുകൾക്ക് അനുമതി നിഷേധിച്ചുകൊണ്ട് പഞ്ചായത്ത് കമ്മിറ്റി കൈക്കൊണ്ട തീരുമാനങ്ങളെല്ലാം

നിയമവിരുദ്ധമാണെന്നും ബഹു. ട്രൈബ്യൂണൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ബഹു. ട്രൈബ്യൂണലിന്റെ ഉപദേശത്തിന്റെ അടിസ്ഥാനത്തിൽ പാമ്പാക്കുട ഗ്രാമ പഞ്ചായത്ത് ഭരണസമിതിയുടെ 10.01.2025-ലെ 13, 14, 15, 16.01.2025-ലെ 1, 2, 3 എന്നീ തീരുമാനങ്ങൾ നിയമാനുസൃതമല്ലാത്തതിനാൽ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 191(2) വകുപ്പ് പ്രകാരം റദ്ദു ചെയ്ത് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**JAYANTHI B S**

ഡെപ്യൂട്ടി സെക്രട്ടറി

സെക്രട്ടറി, തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കായുള്ള ട്രൈബ്യൂണൽ, വഞ്ചിയൂർ, തിരുവനന്തപുരം (ആമുഖകത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തിരുവനന്തപുരം

ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം

ജില്ല ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, എറണാകുളം

പ്രസിഡന്റ്, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

സെക്രട്ടറി, പാമ്പാക്കുട ഗ്രാമ പഞ്ചായത്ത്

എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.(ആർബി1/60/2025)

ഉത്തരവിൻ പ്രകാരം

Signed by
Rajesh N
Date: 11-03-2026 16:45:12

സെക്ഷൻ ഓഫീസർ